പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 1037

13.6.2013 ലെ മറുപടിയ്ക്ക്

## അധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിച്ചതിലെ അപാകത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) അധ്യാപക വിദ്യാർത്ഥി അനുപാതം ക്ലാസ് അടിസ്ഥാനത്തിൽ നിന്നും മാറ്റി, സ്കൂൾ അടിസ്ഥാനത്തിലാക്കിയത് വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്കൂൾ അടിസ്ഥാനത്തിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതമാണ് കേന്ദ്രവിദ്യാഭ്യാസഅവകാശനിയമത്തിന്റെ ഷെഡ്യൂളിൽ അനുശാസിക്കുന്നത് അതിനാൽ സ്കൂൾ അടിസ്ഥാനത്തിലുള്ള അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കേന്ദ്രനിയമത്തിനു വിരുദ്ധമല്ല. |
| (ബി) ഇതുമൂലം പല ക്ലാസ്സിലും അനുവദിക്കപ്പെട്ടതിൽ കൂടുതൽ കുട്ടികൾ ഇരിക്കേണ്ടിവരുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) കേന്ദ്രവിദ്യാഭ്യാസഅവകാശനിയമത്തിൽ ക്ലാസ്സടിസ്ഥാനത്തിലുള്ള അനുപാതമോ ഒരു ക്ലാസ്സിൽ എത്ര കുട്ടികളെ അനുവദിക്കണമെന്നോ പരാമർശിക്കുന്നില്ല. സംസ്ഥാനത്ത് ഒരു ക്ലാസ്സിൽ അനുവദനീയമായ കുട്ടികളുടെ എണ്ണം കെ.ഇ.ആർ പ്രകാരമാണ് നിശ്ചയിക്കുന്നത്. |
| (സി) ഇതുമൂലം അധ്യാപക തസ്തിക കുറയുകയും, കുട്ടികൾ കുറവുള്ള സ്കൂളുകളിൽ ചില ക്ലാസ്സുകൾക്ക് അധ്യാപകർ തന്നെ ഇല്ലാതാവുകയും ചെയ്യുന്ന അവസ്ഥയ്ക്കുള്ള സാധ്യത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) സ്കൂളിലെ മൊത്തം കുട്ടികളുടെ എണ്ണത്തിനനുസൃതമായുള്ള അദ്ധ്യാപക തസ്തികകൾ സ്കൂളുകളിൽ ലഭിക്കുന്നതാണ്. |
| (ഡി) അധ്യാപക വിദ്യാർത്ഥി അനുപാതം ക്ലാസ്തലത്തിൽ തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) യു.ഐ.ഡി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ